# Mathrubhumi

## 17 June 2018

## Kakkanad: Heavy rain, Tree Fall, Road and Power Damage



കാറ്റും മഴയും കൈകോർത്തു

# തൃക്കാക്കരയിൽ വൈദ്യുതിയും ഗതാഗതവും താറുമാറായി

**കാക്കനാട്** ► ഞായറാഴ്ച രാവിലെത്തെ കനത്ത മഴയിലും കാറ്റിലും തൃക്കാക്കരയിൽ വ്യാപകനാശം. പോസ്റ്റുകളിൽ മരംവീണ് വൈദ്യുതിബന്ധം നിലച്ചു. ചിലയിടങ്ങളിൽ ഗതാഗതം താറുമാറായി. തുതിയൂർ, സുരഭിനഗർ, നവോദയ എന്നിവിടങ്ങളിലെ വൈദ്യുതി ലൈനുകളിലേക്കാണ് മരംവീണ് വൈദ്യുതി മുടങ്ങിയത്. ചിലയിടങ്ങളിൽ വൈദ്യുതി പോസ്റ്റുകളും തകർന്നു.

തുതിയൂരിൽ രാംനിവാസ് ഉണ്ണികൃഷ്ണന്റെ വീട്ടു വളപ്പിൽ നിന്ന മരം കടപുഴകിവീണു വൈദ്യുതി ലൈനുകൾ പൊട്ടി. ഇവരുടെ മതിലിനും കേടുപാടുകൾ സംഭവിച്ചു. കാക്കനാട്–ഇൻഫോപാർക്ക് റോഡരികിൽ നിന്ന കൂറ്റൻ മരം സുരഭി നഗറിലെ ഇരുനിലവീടിന്റെ മുകളിലേക്ക് വീണു. വീടിന് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു. വീടിന് മുകളിൽ വീണ മരം ക്രെയിൻ ഉപയോഗിച്ചാണ് നീക്കിയത്.

നവോദയയ്ക്ക് സമീപത്തെ ഇടറോഡിൽ മരം വീണ് ഗതാഗതം മുടങ്ങി. മണിക്കൂറുകൾ യത്നിച്ചാണ് അഗ്നിശമന സേന മരം വെട്ടിമാറ്റിയത്.

▶ തുതിയൂർ രാംനിവാസ് ഉണ്ണികൃഷ്ണന്റെ വീട്ടിൽ കാറ്റിൽ കടപുഴകിവീണ മരം

# കൈപ്പട്ടൂരിൽ വീടുതകർന്ന് വയോധികയ്ക്ക് പരിക്ക്

**മുളന്തുരുത്തി** ► എടയ്ക്കാട്ടുവയൽ പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ കനത്ത കാറ്റിൽ മരം വീണ് വീടുതകർന്നു.

അപകടസമയത്ത് വീടിനകത്ത് കിടക്കുകയായിരുന്ന വയോധികയുടെ മേൽ ഓടിന്റെ ഭാഗങ്ങൾ വീണ് പരിക്കേറ്റു.

കൈപ്പട്ടൂർ അരുവിത്തുമ്പുങ്കൽ പരേതനായ അജയന്റെ ഭാര്യ വിനീത അജയന്റെ വീടിന്റെ മുകളിലേക്ക് തേക്കുമരം വീണാണ് ഓടിട്ട വീടിന്റെ മേൽക്കൂരയും മുറികളുടെ ഭിത്തിയും തകർന്നത്.

ഞായറാഴ്ച രാവിലെ വീശിയടിച്ച കാറ്റിലാണ് സമീപത്തു നിന്നിരുന്ന മരം കടപുഴകി വീണത്. അപകടസമയത്ത് അജയന്റെ അമ്മ കല്യാണി (85) വീടിനുള്ളിൽ കിടക്കുകയായിരുന്നു.

മരം വീണ് മേൽക്കൂര തകർന്നപ്പോൾ, പൊട്ടിയ ഓടുകളിൽ ചില ഭാഗങ്ങൾ വീണാണ് വയോധികയ്ക്ക് പരിക്കേറ്റത്.

## മരംവീണ് എൻ.എസ്.എസ്. കെട്ടിടം തകർന്നു

**ഏലൂർ** ► ഏലൂർ കിഴക്കുംഭാഗം ദേവി വിലാസം എൻ.എസ്.എസ്. കരയോഗം കെട്ടിടത്തിന്റെ മുകളിൽ വൻമരം കടപുഴകി വീണു. കെട്ടിടം ഭൂരിഭാഗവും തകർന്നു.